ചില പരാതികൾ ലഭിച്ചിട്ടുണ്ട്. അവ അന്വേഷണത്തിലിരിക്കുകയാണ്. ഗസറ്റ് നോട്ടിഫിക്കേഷൻ അനുസരിച്ച് നിശ്ചിതസ്ഥലങ്ങളിൽ ഹെഡ് കോർട്ടേഴ്സ് സ്ഥാപിക്കണമെന്ന പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പഞ്ചായത്തു പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി ആവശ്യമെന്നു തോന്നുന്ന പഞ്ചായത്തുകളെ പുനഃസംഘടിപ്പിക്കുന്നതാണ്.

മതപരിവർത്തനം ചെയ്തവർക്ക് ആനുകൂല്യങ്ങൾ

* 612. [8] ശ്രീ. പി. കുഞ്ഞൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെങ്കിലും ക്രിസ്ത്യാനിമതത്തിൽപ്പെട്ടിട്ടുള്ളവർ, അവർ പട്ടികജാതിയിൽനിന്നും മതപരിവർത്തനം ചെയ്തതാണെന്നു സ്വയം ഒരു സ്റ്റേറ്റുമെന്റ് നൽകിയാൽ പിന്നാക്കസമുദായങ്ങൾക്ക് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ നൽകണമെന്ന് ഒരു ഓർഡർ പാസ്സാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു എന്നു പാസ്സാക്കി, എത്രപേർ അങ്ങനെ സ്റ്റേറ്റുമെന്റ് നൽകി; ഉത്തരവിന്റെ തത്വം എന്താണ്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഇല്ല.

(ബി) എ-യുടെ ഉത്തരംകൊണ്ട് ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ടി. കെ. ദിവാകരൻ: അവശസമുദായക്കാരുടെ ഒരു പ്രത്യേക സെൻസസ്സ് എടുക്കാൻ സാധിക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതേപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ഫീൽഡ് ആഫീസർ.

* 613. [9] ശ്രീ. പി. കുഞ്ഞൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്കസമുദായോന്നമന ഡിപ്പാർട്ടുമെന്റിൽ സർവ്വീസും യോഗ്യതയുമുള്ളവർ ഇരിക്കെ, അതിലും അയോഗ്യരെ ഫീൽഡ് ആഫീസർമാരായി പ്രമോട്ടുചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ കാരണം എന്താണ്;

(സി) സൂപ്പർന്യൂമററി ഫീൽഡ് ആഫീസറന്മാരുടെ ജോലികൾ എന്തെല്ലാം; ഇപ്പോൾ എത്രപേരുണ്ട്; അവർക്ക് ഇപ്പോൾ വല്ല ജോലിയുമുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഇല്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) സൂപ്പർന്യൂമററി ഫീൽഡ് ആഫീസറന്മാർ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly